<u>15 -ാം കേരള നിയമസഭ</u>

<u>5 -ാം സമ്മേളനം</u>

<u>നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4255</u> <u>18-07-2022 - ൽ മറുപടിയ്ക്ക്</u>

<u>കയർ തൊഴിലാളികളുടെ കൂലി</u>

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എച്ച്. സലാം | | ശ്രീ. പി. രാജീവ്<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്തെ കയർ ഫാക്ടറി, കയർ പിരി മേഖലകളിൽ തൊഴിൽ എടുക്കുന്നവർക്ക് ലഭിക്കുന്ന കൂലി എത്രയാണ്; ഇത് എന്ന് നിലവിൽ വന്നതാണെന്ന് അറിയിക്കുമോ; | (എ) | കയർ ഫാക്ടറി തൊഴിലാളികൾക്ക് സി.ഐ.ആർ.സി നിശ്ചയിച്ച പ്രകാരം 2018 മുതൽ ഒരു പുരുഷ വിദഗ്ധ തൊഴിലാളിക്ക് എല്ലാ ആനുകൂല്യങ്ങളും ഉൾപ്പെടെ 1,319/- രൂപയും അവിദഗ്ധ സ്ത്രീ തൊഴിലാളിക്ക് എല്ലാ ആനുകൂല്യങ്ങളും ഉൾപ്പെടെ 1,004/- രൂപയുമാണ് ദിവസ വേതനമായി ലഭിക്കുന്നത്. സ.ഉ(ആർ.ടി)നം.1401/18/വ്യവ തീയതി: 29.12.2018 പ്രകാരം, പരമ്പരാഗത കയർ പിരി മേഖലയിലെയും ഇലക്ട്രോണിക് റാട്ട് ഉപയോഗിക്കുന്നവരുടേയും മിനിമം കൂലി 01.01.2019 മുതൽ പ്രതിദിനം 350/- രൂപയായി നിശ്ചയിച്ചിട്ടുണ്ട്. |
| (ബി) | ജീവിതച്ചെലവ് വർദ്ധിച്ച സാഹചര്യത്തിൽ കാലാനുസൃതമായി കൂലി വർദ്ധിപ്പിക്കുന്നതിന് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ? | (ബി) | കയർ ഫാക്ടറി തൊഴിലാളികൾക്ക് കാലാകാലങ്ങളിൽ ഡി.എ വർദ്ധനവ് നൽകി വരുന്നുണ്ട്. പരമ്പരാഗത തൊഴിലാളികൾ പണിയെടുക്കുന്ന ഇലക്ട്രോണിക് റാട്ടുകൾ, പരമ്പരാഗത റാട്ടുകൾ എന്നിവയിലെ കയർ ഉത്പാദനത്തിന് പ്രതിദിന വേതനമായ 350/- രൂപയുടെ ഒരു ഭാഗം (പരമാവധി 110/- രൂപ) വരുമാനം ഉറപ്പാക്കൽ പദ്ധതിയിലൂടെ സർക്കാർ വിഹിതമായി നൽകി വരുന്നു. കയർ രണ്ടാം പുന:സംഘടനയുടെ ഭാഗമായി ഓട്ടോമാറ്റിക് സ്പിന്നിംഗ് മെഷീനുകൾ സ്ഥാപിച്ച സംഘങ്ങളിലെ തൊഴിലാളികളുടെ പ്രതിദിന വേതനം കയറിന്റെ തൂക്കവും റണ്ണേജും കണക്കിലെടുത്ത് പുതുക്കി നിശ്ചയിച്ചിട്ടുണ്ട്. പരമാവധി 500/- രൂപ വരെ സർക്കാർ സഹായമില്ലാതെ തൊഴിലാളിക്ക് ഇത്തരം സംഘങ്ങളിൽ ലഭിക്കുന്നുണ്ട്. 2015-16 കാലയളവിൽ ഒരു തൊഴിലാളിയുടെ ശരാശരി വാർഷിക വരുമാനം 13380/- രൂപയായിരുന്നത് 2020-21 ൽ കയർ ഉത്പാദനം വർദ്ധിച്ചതോതിൽ നടക്കുന്ന പ്രോജക്ടുകളിൽ 50,000/- രൂപയിലേയ്ക്ക് ഉയർന്നിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ